## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 404

25.06.2019-ൽ മറുപടിക്ക്

### ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടയാൻ നടപടി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. എൻ .എ.നെല്ലിക്കുന്ന്<br>,, കെ.എം.ഷാജി<br>,, പി.കെ.അബ്ദു റബ്ബ്<br>,, സി.മമ്മൂട്ടി : | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നാൽപ്പത്തിനാല് ഇനം ചെറുമത്സ്യങ്ങളെ പിടിക്കാൻ പാടില്ലെന്ന കർശനനിർദ്ദേശം അവഗണിച്ച് തീരക്കടലിൽ നിന്നുപോലും ഇതരസംസ്ഥാന ബോട്ടുകൾ മത്സ്യം വാരിപ്പോകുന്നത് തടയാൻ ഫിഷറീസ് വകുപ്പ് ഇടപെടുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കേരള സംസ്ഥാനത്ത് ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിയന്ത്രിച്ചുവെങ്കിലും അന്യ സംസ്ഥാന ബോട്ടുകൾ കേരള തീരക്കടലിന് പുറത്ത് ഇത്തരം അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വൻതോതിൽ മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നതുകാരണം മത്സ്യത്തിന്റെ മൊത്തലഭ്യത, ഉല്പാദനം, പ്രജനനം എന്നിവ താളം തെറ്റുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) | കണ്ടെത്തിയിട്ടുണ്ട്. സി.എം.എഫ്.ആർ.ഐ പോലുള്ള കേന്ദ്ര സ്ഥാപനങ്ങളാണ് ഇത്തരം പഠനങ്ങൾ നടത്തുന്നത്. സി.എം.എഫ്.ആർ.ഐ യുടെ പഠന റിപ്പോർട്ടിന്റെയും ശുപാർശയുടെയും അടിസ്ഥാനത്തിൽ കേരള തീരത്ത് സുലഭമായ 58 മത്സ്യങ്ങളുടെ കാര്യത്തിൽ നിയമപരമായി പിടിച്ചെടുക്കാവുന്ന ഏറ്റവും കുറഞ്ഞ വലിപ്പം നിശ്ചയിച്ച് സർക്കാർ വിജ്ഞാപനം ഇറക്കിയിട്ടുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ട് വരുകയും അതനുസരിച്ച് ഭേദഗതി ചെയ്ത കെ.എം.എഫ്. ആർ റൂൾ, 2018 സെപ്തംബർ 1 ന് നിലവിൽ വരികയും ചെയ്തു. അത് പ്രകാരം പ്രധാന വലകളുടെ ആകെ വലിപ്പവും വലക്കണ്ണികളുടെ കുറഞ്ഞ വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്. ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കിയിട്ടുണ്ട്. |
| (സി) | മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിന് സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | കടൽ മത്സ്യബന്ധന മേഖലയിൽ മത്സ്യോല്പാദന മത്സ്യസംരക്ഷണത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) സംസ്ഥാനത്തിന്റെ തീരക്കടലിൽ സുലഭമായി ലഭിക്കുന്ന 58 ഇനം മത്സ്യകുഞ്ഞുങ്ങളുടെ പിടിച്ചെടുക്കാവുന്ന |

വലിപ്പം (minimum legal size) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു.

2) അശാസ്ത്രീയ മത്സ്യബന്ധനം തടയുന്നതിനായി KMFR Act ൽ വേണ്ട ഭേദഗതികൾ വരുത്തുകയും പുതിയ KMFR ചട്ടങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തു.

3) അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്നവർക്കും കെ.എം.എഫ്.ആർ നിയമവും ചട്ടങ്ങളും ലംഘിക്കുന്നവർക്കും വർദ്ധിച്ച പിഴ ഏർപ്പെടുത്തുകയും നടപ്പാക്കുകയും ചെയ്തു വരുന്നു.

4) ലൈറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനത്തിന് നിയന്ത്രണം ഏർപ്പെടുത്തി.

5) പ്രധാന മത്സ്യബന്ധന വലകളുടെ പരമാവധി വലിപ്പവും കുറഞ്ഞ കണ്ണി വലിപ്പവും നിയന്ത്രിച്ചിട്ടുണ്ട്.

6) തീരക്കടലിൽ 20 മീറ്റർ വരെ നീളമുള്ളതും 250 എച്ച് പി വരെ യന്ത്രക്ഷമതയുള്ളതുമായ യാനങ്ങൾക്ക് മാത്രമായി ലൈസൻസ് നിജപ്പെടുത്തി.

7) ട്രോൾ വലകളുടെ കോഡ് എന്റിൽ സ്ക്വയർ മെഷ് നിർബന്ധമാക്കി.

8) വിഷം കലക്കിയുള്ള മത്സ്യബന്ധനം, ഡൈനാമിറ്റ് ഉപയോഗിച്ചുള്ള മത്സ്യബന്ധനം, വൃക്ഷങ്ങളുടെ ചില്ലകൾ, പ്ലാസ്റ്റിക്, ക്ലാഞ്ഞിൽ എന്നിവ ഉപയോഗിച്ചുള്ള തെറ്റായ മത്സ്യബന്ധന രീതികളും കർശനമായി നിരോധിച്ചു.

9) കടൽ പട്രോളിംഗ് ശക്തമാക്കി.

10) ട്രോൾബാൻ 52 ദിവസമായി വർദ്ധിപ്പിച്ചു. (ജൂൺ 10-ജൂലൈ 31 വരെ)

11) ശാസ്ത്രീയമായ മത്സ്യബന്ധനം, മത്സ്യസമ്പത്തിന്റെ പരിപാലനവും സംരക്ഷണവും എന്നിവയിൽ മത്സ്യത്തൊഴിലാളികളുടെ കൂടെ പങ്കാളിത്തത്തോടെ നിയന്ത്രണങ്ങൾ കൊണ്ടുവരുന്നതിന് ത്രിതല രീതിയിലുള്ള ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ